കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 23.10.2026

പ്രസിദ്ധീകരണത്തിന്

പരീക്ഷാ വിജ്ഞാപനം

07.12.2026 ന് ആരംഭിക്കുന്ന സർവകലാശാല പഠന വകുപ്പിലെ **ഒന്നാം** സെമസ്റ്റർ ബി എ എൽ എൽ ബി ഫൈവ് ഇയർ ഇന്റഗ്രേറ്റഡ് പ്രോഗ്രാം (റെഗുലർ/ സപ്ലിമെന്ററി- 2023 മുതൽ 2026 വരെ അഡ്മിഷൻസ്) നവംബർ 2026, ബി എ എൽ എൽ ബി പ്രോഗ്രാം സപ്ലിമെന്ററി (2021 & 2022 അഡ്മിഷൻസ്) നവംബർ 2026, ബി എ എൽ എൽ ബി പ്രോഗ്രാം സപ്ലിമെന്ററി (2017-2020 അഡ്മിഷൻസ്) നവംബർ 2026, പരീക്ഷകൾക്ക് **06.11.2026** മുതൽ **12.11.2026** വരെ പിഴയില്ലാതെയും **16.11.2026** വരെ പിഴയോടുകൂടിയും അപേക്ഷ സമർപ്പിക്കാം. പരീക്ഷാ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

തേർഡ് പ്രൊഫഷണൽ ബി.എ.എം.എസ് (ഒറ്റത്തവണ മേഴ്സി ചാൻസ്) ഡിസംബർ 2025 - പ്രായോഗിക പരീക്ഷ

2026 നവംബർ 4 ന് നടത്താൻ നിശ്ചയിച്ച III പ്രൊഫഷണൽ ബി.എ.എം.എസ് (ഒറ്റത്തവണ മേഴ്സി ചാൻസ്) ഡിസംബർ 2025 പരീക്ഷയുടെ പ്രസൂതിതന്ത്ര & സ്ത്രീ രോഗ പ്രായോഗിക/വാചാ പരീക്ഷകൾ 2026 നവംബർ 5 ന് ഗവണ്മെന്റ് ആയുർവേദ കോളേജ് പരിയാരത്ത് വച്ച് നടത്തുന്ന വിധത്തിൽ പുനഃ ക്രമീകരിച്ചു. പുതുക്കിയ പരീക്ഷാ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാൾ ടിക്കറ്റ്

1. അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം. എ. ഹിന്ദി ലാംഗ്വേജ് & ലിറ്ററേച്ചർ, ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ, മലയാളം ലാംഗ്വേജ് & ലിറ്ററേച്ചർ, അറബിക് ലാംഗ്വേജ് & ലിറ്ററേച്ചർ, ഹിസ്റ്ററി, ഫിലോസഫി, കന്നഡ, ഭരതനാട്യം, ജേർണലിസം & മാസ്സ് കമ്മ്യൂണിക്കേഷന്, അപ്ലൈഡ് എക്കണോമിക്സ്, ഡവലപ്മെന്റ് എക്കണോമിക്സ്, എക്കണോമിക്സ്, ഗവേർണന്സ് & പൊളിറ്റിക്സ്, സോഷ്യല് സയന്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഹിസ്റ്ററി, പബ്ലിക് പോളിസി & ഡെവലപ്മെൻറ്, സോഷ്യൽ എന്റർപ്രെനർഷിപ് & ഡെവലപ്മെൻറ്, ഡി സെൻട്രലൈസേഷൻ & ലോക്കൽ ഗവേർണൻസ്, എം.ടി.ടി.എം., എം.കോം., എം.എസ്.ഡബ്ല്യു. (R/I/S - 2023 അഡ്മിഷന് മുതല്) ഒക്ടോബർ 2026 പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

2. അഫിലിയേറ്റഡ് കോളെജുകളിൽ 28/10/2026-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം എ സ് സി (റഗുലർ/ഇമ്പ്രൂവ്മെന്റ്,സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷകളുടെ ഹാൾടിക്കറ്റുകളും നോമിനൽ റോളുകളും വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഹാൾ ടിക്കറ്റുകൾ ലഭിക്കാത്ത വിദ്യാർഥികൾ സർവ്വകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ് / -

അസിസ്റ്റന്റ് രജിസ്ട്രാർ - 1

പരീക്ഷാവിഭാഗം